**ഒന്നേമുക്കാൽ കോടിയിലേറെ രൂപയുടെ കുഴൽ പണവുമായി രണ്ടുപേർ പിടിയിൽ.**

ജില്ലാ പോലീസ് മേധാവി ശ്രീ. ദേബേഷ് കുമാർ ബെഹ്റ ഐ.പി. എസ്. അവർകൾക്കു ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ , ഷൊർണ്ണൂർ ഡി.വൈ.എസ്.പി. ശ്രീ. മുരളീധരനന്റെ നിർദ്ദേശപ്രകാരം പട്ടാമ്പി ഇൻസ്പെക്ടർ ശ്രീ. രമേഷും സംഘവും നടത്തിയ വാഹന പരിശോധനയിൽ വിളയൂർ , പുലമന്തോൾ പാലത്തിനു സമീപംവെച്ച് 07.06.2018 തിയ്യതി രാവിലെ 11.00 മണിക്ക് KL 53 M 8673 നമ്പർ RENAULT KWID കാറിൽ അനധികൃതമായി കടത്തുകയായിരുന്ന ഒരു കോടി എൺപത്തിനാലു ലക്ഷത്തി ഇരുപത്തി ആറായിരം രൂപ (Rs.1,84,26,000/-) പിടികൂടി. മലപ്പുറം, രാമപുരം പനങ്ങാങ്ങര സ്വദേശികളായ ഹുസൈൻ വയസ് 32 സജാദ് വയസ് 22 എന്നിവർ ചേർന്ന് സേലത്തുനിന്നും മലപ്പുറത്തേക്ക് കാറിന്റെ വാതിലുകളിലെ രഹസ്യ അറകളിൽ കടത്താൻ ശ്രമിച്ച കുഴൽപ്പണമാണ് പിടികൂടിയത്. തുടർന്ന് പട്ടാമ്പി പോലീസ് സ്റ്റേഷൻ ക്രൈം 548/2018 u/s 41(1)(d) 102 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പണത്തിന്റെ ഉറവിടത്തെക്കുറിച്ചും ആയതിന്റെ ലക്ഷ്യസ്ഥാനത്തെകുറിച്ചും വിശദമായി അന്വേഷണം നടത്തിവരുന്നുണ്ട്.

പരിശോധനയിൽ പട്ടാമ്പി എസ്.ഐ. ശ്രീ. അജിഷ്, എ.എസ്.ഐ. മാരായ ശ്രീ. പ്രസാദ്, ശിവശങ്കരൻ, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ശ്രീ. സുനിൽ, അനൂപ്, സിവിൽ പോലീസ് ഓഫീസർമാരായ ശ്രീ. പ്രകാശൻ, സനൽ, ബിജു, ഷമീർ, വിനീഷ്, കബീർ, ബ്രിജിത്ത്, ഡ്രൈവർ എസ്.സി.പി.ഒ. ശ്രീ. ധർമേന്ദ്രൻ എന്നിവർ ഉൾപ്പെട്ടിരുന്നു.

